ശരണ്യ പദ്ധതി

53 (1016) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത വിധവകൾക്കും, അവിവാഹിതർക്കും തൊഴിൽ ആരംഭിക്കാൻ സർക്കാർ കൊണ്ടുവന്ന "ശരണ്യ" പദ്ധതിയിൽ എത്രപേർക്ക് ധനസഹായം നൽകി ; എത്ര തുക ; വിശദവിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര അപേക്ഷ ലഭിച്ചു ; ഇതിൽ എത്രപേർക്ക് ധനസഹായം നൽകി ; ഇല്ലെങ്കിൽ ഇതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശരണ്യ പദ്ധതി പ്രകാരം സംസ്ഥാനത്താകെ ഇതുവരെ 187 പേർക്ക് 77,02,186 (എഴുപത്തേഴ് ലക്ഷത്തി രണ്ടായിരത്തി ഒരുനൂറ്റി എൺപത്താറ് രൂപ മാത്രം) ധനസഹായം നൽകി. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക
1	തിരുവനന്തപുരം	20	5,15,000
2	കൊല്ലം	28	10,80,000
3	പത്തനംതിട്ട	11	5,21,067
4	ആലപ്പുഴ	16	5,12,000
5	കോട്ടയം	10	5,00,000
6	ഇടുക്കി	10	5,00,000
7	എറണാകുളം	10	5,00,000
8	തൃശ്ശൂർ	10	5,00,000
9	പാലക്കാട്	16	5,19,000
10	കോഴിക്കോട്	13	5,19,967
11	മലപ്പുറം	11	5,00,000
12	വയനാട്	10	5,00,000
13	കണ്ണൂർ	11	5,13,967
14	കാസർഗോഡ്	11	5,21,185
	ആകെ	187	77,02,186

(ബി) . കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ശരണ്യ പദ്ധതിയുടെ ഒന്നാമത് ജില്ലാ കമ്മിറ്റി കൂടുന്നതിന് മുമ്പ് ഒരു അപേക്ഷ ലഭിക്കുകയും ടി ഗുണഭോക്താവിന് ധനസഹായം നൽകുകയും ചെയ്തു. അതിനു ശേഷം ലഭിച്ച 34 അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly